# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.815** **08/01/2014-ൽ മറുപടിക്ക്**

## അർബുദ രോഗത്തിന് മരുന്ന് ക്ഷാമം

**ചോദ്യം**

ശ്രീ. സാജുപോൾ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർബുദ രോഗത്തിനു മരുന്നു ക്ഷാമം മൂലം കുട്ടികൾ ഉൾപ്പെടെയുള്ള നിരവധി രോഗികളുടെ ചികിത്സ മുടങ്ങിയതായി വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) & (ബി) | ആർ.സി.സി., മലബാർ കാൻസർ സെന്റർ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ അർബുദ രോഗ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ക്ഷാമം നേരിടുകയോ ഇതുമൂലം രോഗികൾക്ക് ചികിത്സ മുടങ്ങുകയോ ചെയ്തിട്ടില്ല. |
| (ബി) | തിരുവനന്തപുരം ആർ.സി.സി.യിൽ കീമോതെറാപ്പിക്കായി പ്രവേശിപ്പിച്ച നിരവധി രോഗികളെ മരുന്നു ലഭിക്കാത്തതിനാൽ തിരിച്ചയക്കാനിടയായ സംഭവം ഗൗരവമായി കാണുന്നുണ്ടോ ; | | |
| (സി) | കൃത്യമായ ഇടവേളകളിൽ രക്തത്തിന്റെ അളവ് വേണ്ട രീതിയിൽ ഉണ്ടാകുമ്പോഴേ ചികിത്സ നടത്താനാകു എന്നതിനാൽ ഇതുമൂലം രോഗികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കീമോതെറാപ്പി എടുക്കുന്ന രോഗികളിൽ രക്തത്തിന്റെ അളവ് കുറയാറുണ്ട്. ഇത്തരം സന്ദർഭങ്ങൾ നീണ്ടു നിൽക്കുകയാണെങ്കിൽ അതിനു വേണ്ട മരുന്നുകളും മറ്റ് പ്രതിവിധികളും ആർ.സി.സി.യിൽ ലഭ്യമാണ്. |
| (ഡി) | സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തി ആർ.സി.സി.യിലെ തിരക്ക് കുറയ്ക്കാനും കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അതിനു സൗകര്യമൊരുക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലുംകാൻസർ രോഗത്തിനുള്ള ചികിത്സ ലഭ്യമാണ്. 70-ലധികം ആന്റി കാൻസർ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. ലഭ്യമല്ലാത്ത ജനറിക് മരുന്നുകൾക്കു പകരം ബ്രാൻഡഡ് മരുന്നുകൾ ലോക്കൽ പർച്ചേസ് വഴി ലഭ്യമാക്കുന്നതിന് ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മിനി |

| | | | |
|---|---|---|---|
| | | | കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജില്ലാ കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലേക്കും ഒരു പ്രധാനപ്പെട്ട ആശുപത്രിയിൽ കാൻസർ കെയർ സെന്റർ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, കാസർഗോഡ്, ഇടുക്കി, കോഴിക്കോട് ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഈ പദ്ധതിയിലൂടെ നിരവധി രോഗികൾക്ക് തുടർ ചികിത്സ ലഭ്യമാക്കി വരുന്നതും, അതുവഴി റീജിയണൽ കാൻസർ സെന്ററിലേക്കുള്ള തിരക്ക് കുറയ്ക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ